(ബി) എങ്കിൽ ആയത് എന്ന് മുതൽ ആരംഭിക്കുമെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വീസ് നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ കൊച്ചി-കോഴിക്കോട് ഹൈസ്പീഡ് പാസഞ്ചർ സർവ്വീസ് നടപ്പാക്കാൻ പദ്ധതിയുണ്ട്. ഇത്തിക്കുടി-കൊല്ലം ഇറമുഖങ്ങളെ ബന്ധിപ്പിച്ച് കശുവണ്ടി കണ്ടെയ്നറുകളുടെ നീക്കം സാദ്ധ്യമാക്കാൻ തീരദേശ കപ്പൽ പദ്ധതിയും സജീവ പരിഗണനയിലാണ്.

വിഴിഞ്ഞം ഇറമുഖം

138 (1879) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഇറമുഖത്തിന്റെ എം .ഒ.യു .(MOU)വിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേരളത്തിനു വന്നുചേരുന്ന നേട്ടങ്ങൾ എന്തൊക്കെയെന്നാണ് വിലയിരുത്തിയിരിക്കുന്നത്; വിശദ വിവരം നൽകുമോ;

(സി) ഇതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന തീരദേശവാസികളുടെ പുനരധിവാസവും തൊഴിൽ രംഗത്ത് വന്നുചേരുന്ന പ്രശ്നങ്ങളും പരിഹരിക്കുന്നതിന് എന്തെങ്കിലും പാക്കേജ് നടപ്പാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) വിഴിഞ്ഞം ഇറമുഖവുമായി ബന്ധപ്പെട്ട് M.O.U. ഇല്ല. വിഴിഞ്ഞം ഇറമുഖത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള കൺസഷൻ കരാറാണ് സർക്കാർ ഒപ്പുവച്ചിട്ടുള്ളത്. മുന്നൂറോളം പേജുകളുള്ള ഈ കരാർ പൂർണ്ണ രൂപത്തിൽ വിഴിഞ്ഞം ഇറമുഖ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം ഇറമുഖ പദ്ധതി, ഇന്ത്യയുടെ തന്നെ സാമ്പത്തിക വളർച്ചയ്ക്ക് മുതൽക്കൂട്ടാകുന്ന പദ്ധതികളിൽ ഒന്നാണ്. ഈ പദ്ധതി മുഖേന കേരളത്തിനുണ്ടാകുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

i	വിഴിഞ്ഞം ഇറമുഖ പദ്ധതിയെ തിരുവനന്തപുരത്തെ റെയിൽ, റോഡ്, വ്യോമ ഗതാഗതവുമായി ബന്ധപ്പെടുത്തുന്നതിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിനോടൊപ്പം ചരക്ക്

LIBRARY ARCHIVES Kerala Legislative Assembly

	ഗതഗതത്തിലൂടെ നികുതി-നികുതിയേതര വരുമാനത്തിന് സഹായകമാവുകയും തന്മൂലം കേരളത്തിന്റെ സമ്പദ്ഘടനയിൽ പ്രകടമായ മാറ്റമുണ്ടാവുകയും ചെയ്യും.
ii	അടിസ്ഥാന സൗകര്യങ്ങൾ വികസിക്കുന്നതോടെ നിക്ഷേപകരെ ആകർഷിക്കുവാനും ഒരു നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുവാനും കേരളത്തിന് കഴിയും.
iii	സാക്ഷരതയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തുള്ള കേരളത്തിന്റെ മാനവവിഭവശേഷിയെ ഉറമുഖ-ഉറമുഖേതര പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിലൂടെ തൊഴിലില്ലായ്മ കുറയ്ക്കുവാനും സ്വയം സംരംഭകത്വം കൂട്ടുവാനും സാധിക്കും.
iv	അന്താരാഷ്ട്ര കപ്പൽ ചാലിന്, കേവലം 10 നോട്ടിക്കൽ മൈൽ മാത്രം ദൂരമുള്ള വിഴിഞ്ഞം ഉറമുഖം മധ്യേഷ്യ - പൂർവ്വേഷ്യ എന്നിവിടങ്ങളിലേയ്ക്കുള്ള ചരക്ക് ഗതാഗതത്തിന് സഹായകമാകുന്നതിനോടൊപ്പം ഇന്ത്യയുടെ ഉൾനാടൻ പ്രദേശങ്ങളിലേയ്ക്കുള്ള ചരക്ക് ഗതാഗതത്തിന് മുതൽക്കൂട്ടാവുകയും ചെയ്യും. തന്മൂലം കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകമാകുന്നു.

(സി) വിഴിഞ്ഞം ഉറമുഖ വികസനവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരവും പുനരധിവാസവും ആവശ്യമായി വരുന്നത് രണ്ട് വിഭാഗങ്ങൾക്കാണ്.

- സ്ഥലവും വീടും നഷ്ടപ്പെടുന്നവർ.
- തൊഴിൽ ബാധിക്കുന്നവർ.

(1) <u>സ്ഥലവും വീടും നഷ്ടപ്പെടുന്നവർ</u>:

വീട് ഉൾപ്പെടുന്ന സ്ഥലം ഏറ്റെടുത്തതുമൂലം ഇതുവരെ 67 കുടുംബങ്ങൾക്കാണ് പുനരധിവാസം ആവശ്യമായി വന്നത്. ഇവരെ പൂർണ്ണമായും പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനായി സൗജന്യമായി വസ്തു നൽകിയ ഇനത്തിൽ ഏകദേശം 11.39 കോടി രൂപയും വാടകയുടെയും Hardship Allowance-ന്റെയും ഇനത്തിൽ ഏകദേശം 25 ലക്ഷത്തിലധികം രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) തൊഴിൽ ബാധിക്കുന്നവർ:

ഉറമുഖവികസനംമൂലം പദ്ധതി പ്രദേശത്തെ തൊഴിൽ ബാധിക്കുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ 5 അംഗ Livelihood Impact Appraisal കമ്മിറ്റിയും (LIAC) അതിന്മേൽ ഉയരുന്ന പരാതികൾ പരിഗണിക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്മേൽ 18800-ലധികം പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു. LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാക്കി നഷ്ടപരിഹാരവും പുനരധിവാസവും ഉടനെ നൽകുവാനാണ് ലക്ഷ്യമിടുന്നത്.

കൂടാതെ വിഴിഞ്ഞം ഉറമുഖ പദ്ധതിയുടെ സമീപ പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആഴക്കടൽ മത്സ്യബന്ധന സംവിധാനം ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീകളുടെ പുരോഗതി, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം, തീരമേഖലയിലെ ഭവന പദ്ധതികൾ എന്നിവ ഉൾപ്പെടെ 475 കോടി രൂപ 5 വർഷം കൊണ്ട് വിനിയോഗിക്കുന്ന ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

പൊന്നാനി മണ്ഡലത്തിലെ പദ്ധതികൾ

139 (1880) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊന്നാനി മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിൽ നിന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയാണ് ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഈ പദ്ധതികളെല്ലാം ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് പറയാമോ;

(ഡി) എത്ര എണ്ണം പൂർത്തീകരിച്ചു എന്ന് വിശദമാക്കുമോ; അവ ഏതെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly